**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 904** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പാർശ്വഭിത്തി സംരക്ഷണ പ്രവർത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ കടലുണ്ടിപ്പുഴയുടെ തീരങ്ങളിലും പ്രധാന തോടുകളിലും പ്രകൃതിക്ഷോഭം മൂലം കരയിടിച്ചിൽ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മഞ്ചേരി നിയമസഭാ മണ്ഡലത്തിൽ വരുന്ന കടലുണ്ടി പുഴയുടെ തീരങ്ങളിലും പ്രധാന തോടുകളിലും കരയിടിച്ചിൽ ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** മഞ്ചേരി നഗരസഭ, പാണ്ടിക്കാട്, തൃക്കലങ്ങോട്, കീഴാറ്റൂർ, എടപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പുഴകളുടെയും പ്രധാന തോടുകളുടെയും പാർശ്വഭിത്തികൾ സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വെള്ളിയാർപ്പുഴയിൽ പൂർത്തീകരിച്ച മണിയനീരികടവ് ചെക്ക് ഡാമിന്റെ താഴ്ഭാഗത്ത് ഇടത് വലത് കര സംരക്ഷണവും വലത് കരയിൽ കുളിക്കടവ് നിർമ്മാണവും ഉൾപ്പെടുത്തിയുള്ള പ്രവൃത്തിക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ മഞ്ചേരി നിയോജക മണ്ഡലത്തിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ വെള്ളിയാർപ്പുഴയുടെ 46 മീറ്റർ നീളത്തിൽ 3.50 ഉയരത്തിലുമുള്ള കോൺക്രീറ്റ് പാർശ്വഭിത്തി സംരക്ഷണവും ഉൾപ്പെടുന്നുണ്ട്. നിലവിൽ പ്രവൃത്തി ടെണ്ടർ നടപടികളിലാണ്.

**(സി)** പ്രസ്തുത മണ്ഡലത്തിൽ പാർശ്വഭിത്തി നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പാർശ്വഭിത്തി നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ:

2023-24 - ഇല്ല

2024-25 - ജനറൽ- ചളിക്കത്തോട് സൈഡ് പ്രൊട്ടക്ഷൻ വർക്ക്, വാർഡ് 4, മഞ്ചേരി മുനിസിപ്പാലിറ്റി മലപ്പുറം ജില്ല

അനുവദിച്ച തുക- 20,00,000/-

ചെലവഴിച്ച തുക -16,44,988/-

പ്രവൃത്തി 24/03/2026ന് പൂർത്തീകരിച്ചു.

2025-26 - ഇല്ല

**(ഡി)** തകർന്ന പാർശ്വഭിത്തികൾ പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശങ്ങളിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അനുമതി നൽകിയ പ്രവൃത്തികൾ നിലവിലില്ല.

**സെക്ഷൻ ഓഫീസർ**